ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :) ഉണ്ട്. ശമ്പളസ്കെയിലിനെ സംബന്ധിച്ച സ്റ്റേറ്റുമെണ്ട് ഞാൻ വായിക്കാം.

| Erstwhile Travancore State | | Erstwhile Cochin State | |
|---|---|---|---|
| District Judges | | District Judges | Rs. 500-600 |
| I grade | Rs. 800 | Additional Judges | Rs. 400-500 |
| II grade | Rs. 450-750 | Special Judge | Rs. 400 |
| Second and Additional Sessions Judges | Rs. 350-450 | Munsiffs and Additional Munsiffs | Rs. 250-350 |
| District Munsiffs and Additional Munsiffs | | | |
| I grade | Rs. 275-325 | | |
| II do. | Rs. 225-275 | | |
| III do. | Rs. 175-225 | | |

ശ്രീ. വി. കെ. വേലായുധൻ : തിരുവിതാംകൂറിൽ നിയമിച്ച ജഡ്ജിമാർ കൊച്ചിയിലും കൊച്ചിയിൽ നിയമിച്ച ജഡ്ജിമാർ തിരുവിതാംകൂറിലും ഇപ്പോൾ ജോലി ചെയ്യുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ ഉണ്ട്.

ശ്രീ. കെ. ടി. അച്യുതൻ : ശമ്പളസ്കെയിലിൽ ഏകീകരണം വരുത്താൻ ആലോചനയുണ്ടോ?

ശ്രീ. ടി കെ. നാരായണപിള്ള : ഉണ്ട്.

## ആയുർവ്വേദം

*൩൦൪. (൨൯) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവ്വേദവൈദ്യന്മാരുടെ ശമ്പളക്രമം എങ്ങനെ;

(ബി) ഗവണ്മെണ്ട് നേരിട്ട് നടത്തുന്ന ആയുർവ്വേദാശുപത്രികൾ ഏതെല്ലാം?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ :) (എ) ആയുർവ്വേദവൈദ്യന്മാരുടെ ശമ്പളക്രമം താഴെ ചേർക്കുന്നു.

| തിരുവിതാംകൂർ ഡിവിഷൻ | | കൊച്ചി ഡിവിഷൻ | |
|---|---|---|---|
| ഗ്രേഡ് | തസ്തികയുടെ എണ്ണം | ഗ്രേഡ് | തസ്തികയുടെ എണ്ണം |
| ൧൫ ൪—൧൭ ൪ | ൫ | ൧൪ ൪ ൦—൩൪ ൪ ൦ | ൫ |
| ൫ ൦ ൦—൫൧ ൪ | ൩ | ൫൪ ൦—൧൮ ൦ ൦ | ൫ |
| ൨൯ ൦—൫ ൦ ൦ | ൩ | ൬ ൦— ൨൯ ൦ | ൭ |
| ൬ ൪— ൭ ൪ | ൩ | ൩ ൦— ൩ ൦ | ൫൩ |
| ൩ ൦— ൬ ൪ | ൫൯ | ൨൯ ൦—൫൧ ൪ | ൩ |
| ൧൪ ൪— ൩ ൦ | ൫ | ൧൪ ൪— ൬ ൦ | ൪൫ |
| | | ൧൪ ൪ | ൫ |

(ബി) താഴെ പേർ പറയുന്ന ആശുപത്രികൾ ഗവണ്മെണ്ട് നേരിട്ട് നടത്തുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

| തിരുവിതാംകൂർ ഡിവിഷൻ | കൊച്ചി ഡിവിഷൻ |
|---|---|
| ആയുർവ്വേദാശുപത്രി, തിരുവനന്തപുരം. | ആയുർവ്വേദാശുപത്രി, അഴിക്കോട് |
| ,, നെയ്യാറ്റിൻകര. | ,, ചെറുതുരുത്തി |
| വിഷാശുപത്രി, തിരുവല്ലാ | ,, എറണാകുളം |
| | ,, കൊടകര |
| | ,, മട്ടാഞ്ചേരി |
| | ,, പള്ളിപ്പുറം |
| | ,, തത്തമംഗലം |
| | ,, ഉപ്പുണിത്തുറ |
| | ആർ. വി. സി. എ. ആശുപത്രി, ഉദ്ദിവപേരൂർ |

**Sri. P. Balakrishnan Tampi :** May I ask is there any opinion regarding diet and health of these vydians who get a pay of Rs. 20, 25 or 30? I consider it is a valuable public opinion. Can the Minister give that?

ശ്രീ. എ. ജെ. ജോൺ: അവർ ഇപ്പോഴും ജോലി ചെയ്തുകൊണ്ടിരിക്കുന്നുണ്ട് എന്നറിയാം.

## ആയുർവ്വേദ ചികിത്സാപദ്ധതി

*൩൦൩. (൨൨) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവ്വേദ ചികിത്സാപദ്ധതി അഭിവൃദ്ധിപ്പെടുത്തുവാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇപ്പോൾ എത്ര ആയുർവ്വേദ വൈദ്യശാലകൾക്ക് ഗ്രാന്റ് നൽകുന്നുവെന്നും എത്രയുക ആകെ ആയിനത്തിൽ കൊടുക്കുന്നുവെന്നും പറയുമോ;

(സി) ആയുർവ്വേദ വൈദ്യശാലകളുടെ ഗ്രാന്റ് നിശ്ചയിക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നും, ഗ്രാന്റിന്റെ തുക എത്രയെന്നും പറയുമോ;

(ഡി) ഗ്രാന്റ് നൽകുന്ന എല്ലാ വൈദ്യശാലകളും ആണ്ടിൽ ഒരു തവണയെങ്കിലും ഡിപ്പാർട്ട്മെന്റ് അധികൃതർ പരിശോധിക്കാറുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ആയുർവ്വേദവൈദ്യത്തിൽ ശരിയായ ജ്ഞാനവും ചികിത്സാനൈപുണ്യവും സമ്പാദിക്കുന്നതിനായി ആയുർവ്വേദകാളേജിൽ വൈദ്യവിദ്യാഭ്യാസത്തിനു വേണ്ട സൗകര്യങ്ങളും ചെയ്തിട്ടുള്ളതിനുപുറമേ അർഹരായ വൈദ്യന്മാർക്ക് ഗ്രാന്റുകൊടുത്തും വൈദ്യസഹായം ആവശ്യമുള്ള പ്രദേശങ്ങളിൽ ഗവൺമെന്റുവക വൈദ്യസ്ഥാപനങ്ങളും തുറന്നും ശാസ്ത്രവിധിപ്രകാരം ആയുർവ്വേദമരുന്നുകളും പാകംചെയ്തു വില്പനനടത്തിയും ഈ ചികിത്സാപദ്ധതിയെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) ൨൭൪; കൊല്ലത്തിൽ ആകെ ചിലവു് ൪൫,൩൦൦ രൂപ.

(സി) ഓരോ വൈദ്യശാലയുടേയും ഗ്രാന്റു സംഖ്യ നിശ്ചയിക്കുന്നതു് അതിനടുത്തു താമസിക്കുന്ന ജനങ്ങൾക്ക് ആ സ്ഥാപനത്തിൽനിന്നു് ലഭിക്കുന്ന വൈദ്യസഹായത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഓരോ വൈദ്യസ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly